VI റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീ. തമ്പാനൂർ രവി: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമിതി ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

I am very thankful to the Honourable Members as well as the Ministers. അര മണിക്കൂർ കൊണ്ട് എല്ലാ സബ്മിഷൻസും തീർക്കാൻ സാധിച്ചു.

VII നിയമനിർമ്മാണ കാര്യം

മി. സ്പീക്കർ: 2004-ലെ കേരള ധനവിനിയോഗ ബില്ലും 2004-ലെ കേരള ധനവിനിയോഗ (2 മുതൽ 11 വരെ) ബില്ലുകളും, 2004-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും ഒന്നിച്ച് അവതരിപ്പിച്ച് ഒന്നിച്ച് ചർച്ച ചെയ്യാമെന്നാണ് എന്റെ നിർദ്ദേശം.

2004-ലെ കേരള ധനവിനിയോഗ ബിൽ, 2004-ലെ കേരള ധനവിനിയോഗ (2 മുതൽ 11 വരെ) ബില്ലുകൾ, 2004-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവയുടെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-ലെ കേരള ധനവിനിയോഗ ബിൽ, 2004-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ ബിൽ), 2004-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (11-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

10.30 A.M.]

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly